MONDAY

11.03.2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/03/2024

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ നാലാം വർഷ കാർഷിക ബിരുദ വിദ്യാർത്ഥികൾ അവരുടെ ഗ്രാമീണ അവബോധ പ്രവർത്തി പരിചയ പരിപാടിയായ ഹരിതാരവത്തിന്റെ ഭാഗമായി ബ്ലോക്ക് തല അഗ്രിക്ലിനിക് ഇന്ന് (11.03.2024) തിങ്കളാഴ്ച ഒറ്റശേഖരമംഗലം, 12 ചൊവ്വാഴ്ച പെരുമ്പഴുത്തൂർ, 13 ബുധനാഴ്ച വെള്ളറട എന്നീ പ്രദേശങ്ങളിൽ വച്ച് നടത്തുന്നു. രാവിലെ 9.30 നാണ് ക്ലിനിക്കുകൾ ആരംഭിക്കുന്നത്. വിളകളിലെ രോഗ - കീട നിർണയം, നിയന്ത്രണം പ്രതിവിധികൾ, വിത്ത് -നടീൽ വസ്തുക്കളുടെ വിൽപ്പന, കൃഷിയിട സന്ദർശനം, കാർഷിക പ്രദർശനം, പ്രവർത്തി പരിചയ പരിപാടി, മൊബൈൽ മണ്ണ് പരിശോധന തുടങ്ങിയവ ഇതിനോടാനുബന്ധിച്ച നടത്തുന്നതാണ്. ഈ പ്രദേശങ്ങളിലെ താല്പര്യമുള്ള കർഷകർക്ക് അവരുടെ കൃഷിയിടത്തിലെ രോഗ കീടബാധയുടെ ലക്ഷണങ്ങൾ ഉള്ള വിളകളുടെ സാമ്പിളുകളുമായി എത്തി സംശയനിവാരണം വരുത്താവുന്നതാണ്.

2. വയനാട് അമ്പലവയൽ സംരക്ഷിത കൃഷിയിലൂടെ മികവിന്റെ കേന്ദ്രത്തിൽ ഉല്പാദിപ്പിച്ച സ്നോ വൈറ്റ് ഇനം *ഹൈബ്രിഡ് സാലഡ് കക്കിരി*, സുപ്രീം ഇനം *ഹൈബ്രിഡ് വള്ളിപ്പയർ* എന്നിവ വിൽപ്പനയ്ക്ക് തയ്യാറാണ്. വില 2/- രൂപ. ആവശ്യമുള്ള കർഷകർ അമ്പലവയൽ RARS മായോ 9497238632, 9562304546 എന്നീ ഫോൺ നമ്പറിലോ ബന്ധപ്പെടുക.

3. ആകാശവാണി തിരുവനന്തപുരത്തിന്റെ 'വയലും വീടും' പരിപാടിയുടെ ബ്രാൻഡ് സ്പോൺസർമാരായി കേരള കാർഷിക സർവകലാശാല, ഇതുമായി ബന്ധപ്പെട്ട ധാരണ പത്രം കേരള കാർഷിക സർവകലാശാലയും ആകാശവാണി തിരുവനന്തപുരം നിലയവും ഒപ്പുവച്ചു. വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന്റെയും കമ്മ്യൂണിക്കേഷൻ സെന്ററിന്റെയും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ പരിപാടിയിൽ ഓരോ മാസവും കൃഷി അനുബന്ധ വിഷയങ്ങളിലുള്ള രണ്ട് സംപ്രേഷണം വീതം ഒരു കൊല്ലത്തേക്ക് ഒരുക്കും. കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകളും ശാസ്ത്രീയ അറിവുകളും കർഷകർക്ക് ഉപകാരപ്രദം ആവുന്ന വിധം കേരളത്തിലെ മുഴുവൻ ശ്രോതാക്കൾക്കും കേൾക്കാൻ കഴിയുന്ന വിധത്തിലാണ് സംപ്രേക്ഷണം ചെയ്യുക. മാർച്ച് ആദ്യവാരം മുതൽ സംപ്രേക്ഷണം ചെയ്തു തുടങ്ങുന്ന പരിപാടിയിൽ 'ഭക്ഷ്യ സംസ്കരണത്തിലെ നൂതന പ്രവണതകൾ' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ആദ്യ അവതരണം. 15 ദിവസത്തെ ഇടവേളയിൽ സംപ്രേഷണം ചെയ്യപ്പെടുന്ന ഈ പരിപാടിയിൽ കാർഷിക മേഖലയിൽ ഡ്രോണുകളുടെ ഉപയോഗം, സംയോജിത കൃഷി, സൂക്ഷ്മ ജലസേചന മാർഗങ്ങൾ, യന്ത്രവൽക്കരണം, കൃത്യത കൃഷി, സംരംഭകത്വ സാധ്യതകൾ എന്നീ വിഷയങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്.

4. നെടുമങ്ങാട് ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണിയിൽ നിന്ന് വിവിധയിനം പഴം പച്ചക്കറികൾ ലേലം ചെയ്ത് എടുക്കുന്നതിന് താത്പര്യമുള്ള കച്ചവടക്കാരിൽ നിന്ന് രജിസ്ട്രേഷൻ ക്ഷണിക്കുന്നു. ആജീവനാന്തര രജിസ്ട്രേഷൻ ഫീസ് 250/- രൂപ. കൂടുതൽ വിവരങ്ങൾക്ക് 9383470311, 9383470312 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. തൃശൂർ ആലത്തൂർ വാനൂരിലുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ 2024 മാർച്ച് 11 മുതൽ 21 വരെ പാലക്കാട്, തൃശൂർ ജില്ലകളിലെ ക്ഷിര കർഷകർ, കുടുംബശ്രീ അംഗങ്ങൾ, സംരംഭകർ എന്നിവർക്കായി ക്ഷീരോല്പന്ന നിർമാണം എന്ന വിഷയത്തിൽ പരിശിലന പരിപാടി സംഘടിപ്പിക്കുന്നു. പ്രവേശന ഫീസ് 135 രൂപ. ആധാർ / തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം പങ്കെടുക്കാം. താൽപര്യമുള്ളവർ 2024 മാർച്ച് ഏഴിന് വൈകിട്ട് മൂന്നിനകം dd-dtc-pkd.dairy@kerala.gov.in, dtcalathur@gmail.com എന്ന ഇ- മെയിൽ

വിലാസത്തിലോ 04922 226040, 9496839675, 9446972314എന്നീ ഫോൺ നമ്പർ മുഖേനയോ രജിസ്റ്റർ ചെയ്യുക.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മാർച്ച് 13 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ മാർച്ച് 12 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള പൂർണ്ണമായും മലയാളത്തിൽപരിശീലിപ്പിക്കുന്ന കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 13 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം